അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

മെയ് 24 ബുധൻ 2023

Volume: 03, Issue: 06

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം

പി.എം.ആവാസ് യോജന: താക്കോൽദാനം നടത്തി

വി അനന്യ

പ്രധാന മന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതി പ്രകാരം പൂർത്തീകരിച്ച മുപ്പത്തിനാല് വീടുകളുടെ പൂർത്തീകരണ പ്രഖ്യാപനവും താക്കോൽദാനവും ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് ഈ.എം.എസ്.ഹാളിൽ എം.എൽ.എ. സണ്ണി ജോസഫ് നിർവഹിച്ചു.

തുടർന്ന് മുപ്പത്തിനാല് കുടുംബങ്ങൾക്കും ഓർമ്മ മരമായി പ്ലാവിൻ തൈ വിതരണവും ചെയ്തു. അർഹരായ മുപ്പത്തിനാല് കുടുംബങ്ങളിൽ അയ്യൻകുന്ന് പഞ്ചായത്തിൽ നിന്നും ഏഴ് കുടുംബങ്ങൾക്കാണ് പ്രധാനമന്ത്രി ആവാസ് യോജന മുഖേന സ്വപ്നഭവനം സാക്ഷാത്കരിക്കപ്പെടുന്നത്.

ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. വേലായുധൻ അധ്യക്ഷത വഹിച്ചു. പ്രോജക്ട് ഡയറക്ടർ റ്റൈനി സൂസൻ ജോൺ ഉപഹാര സമർപ്പണം നടത്തി. വൈസ് പ്രസിഡന്റ് എം കെ നാജിദ സാദിഖ്, വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സി ഷിജു, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരായ കുര്യാച്ചൻ പൈമ്പള്ളികുന്നേൽ (അയ്യൻകുന്ന്) കെ. വി. മിനി (കീഴല്ലൂർ) തുടങ്ങിയവർ സംസാരിച്ചു.

പ്രധാന മന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതി പ്രകാരം പൂർത്തീകരിച്ച വീടുകളുടെ താക്കോൽദാനം എം.എൽ.എ. സണ്ണി ജോസഫ് നിർവഹിക്കുന്നു.

'ഫീസുകൾ പുനക്രമീകരണം' അയ്യൻകുന്ന് പഞ്ചായത്ത്

ജിനി ജോസഫ്

കെട്ടിട നിർമാണ അനുബന്ധ ഫീസ് വൻതോതിൽ വർദ്ധിപ്പിച്ചത് പുനക്രമീകരിക്കണമെന്ന് അയ്യൻകുന്ന് പഞ്ചായത്ത്.

തദ്ദേശ സ്ഥാപനങ്ങളിൽ കെട്ടിട നിർമാണ പെർമിറ്റിനുള്ള അപേക്ഷ, പെർമിറ്റ് ലേഔട്ട് സൂക്ഷ്മ പരിശോധന എന്നിവയ്ക്കുള്ള ഫീസ് വൻതോതിൽ വർധിപ്പിച്ചത് പൊതുജനങ്ങൾക്ക് ആശ്വാസകരമാകുന്ന രീതിയിൽ പുനഃക്രമീകരണമെന്ന് അയ്യൻകുന്ന് പഞ്ചായത്ത് ഭരണസമിതി യോഗം ആവശ്യപ്പെട്ടു.

'അധിക ഫീസും നികുതിയും ജനങ്ങൾക്ക് താങ്ങാൻ കഴിയാത്ത വിധത്തിലുള്ള അമിതഭാരമാണ് നൽകുന്നത്. അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ അടിസ്ഥാന നികുതി നിരക്ക് കുറഞ്ഞ നിരക്കിൽ നിശ്ചയിച്ചു തീരുമാനിക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ടാണ് പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ പ്രമേയം അവതരിപ്പിച്ചത്'. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലിസി തോമസ് പറഞ്ഞു.

അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ അധ്യക്ഷനായ ഭരണസമിതി യോഗത്തിൽ വൈസ് പ്രസിഡന്റ് ലിസ്സി തോമസ് പ്രമേയം അവതരിപ്പിച്ചു. പ്രമേയത്തിൽ കെട്ടിട നിർമാണ അനുമതിക്കായുള്ള അപേക്ഷ ഫീസും അനുബന്ധ ഫീസുകളും അനിയന്ത്രിതമായി വർധിപ്പിച്ചത് ന്യായമായ നിരക്കിൽ മാറ്റി നൽകണമെന്നും കെട്ടിട നികുതി നിരക്ക് വർദ്ധനവ് കുറയ്ക്കണമെന്നും ആവശ്യപ്പെട്ടു.

പന്ത്രണ്ടാം വാർഡ് മെമ്പർ സജി മച്ചിത്താന്നിയിൽ പ്രമേയത്തിന് പിന്തുണ അറിയിച്ചു. ഭൂരിപക്ഷ പിന്തുണയോടെ പ്രമേയം പാസാക്കി. വസ്തു നികുതി കുറഞ്ഞ നിരക്കിൽ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ വിജ്ഞാപനം ചെയ്യുന്നതിന് യോഗം തീരുമാനിച്ചു.

സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ ഉദ്ഘാടനം ചെയ്തു

ജിനി ജോസഫ്

സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്യുന്നു

സർക്കാർ സേവനങ്ങൾ ജനങ്ങളിലേക്ക് കാര്യക്ഷമമായി എത്തിക്കുന്നതിനായി അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്തു.

കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, പഞ്ചായത്ത്, മറ്റ് സർക്കാരേതര ഏജൻസികൾ നൽകുന്ന വിവരങ്ങൾ, സേവനങ്ങൾ നേടിയെടുക്കേണ്ട രീതികൾ എന്നിവ അറിയിക്കുവാനും പദ്ധതികളുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് ഉണ്ടാകുന്ന സംശയങ്ങൾ ദൂരീകരിക്കുവാനും വേണ്ടി പഞ്ചായത്ത് കാര്യാലയത്തിൽ സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ ആരംഭിച്ചിരിക്കുന്നത്.

'പഞ്ചായത്തിലേത് കൂടാതെ തന്നെ ആരോഗ്യം, റവന്യൂ തുടങ്ങി മറ്റു എല്ലാ ഡിപ്പാർട്ട്മെന്റുകളെക്കുറിച്ചും ലഭ്യമായ വിവരങ്ങൾ ജനങ്ങൾക്ക് പറഞ്ഞു കൊടുക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഇത് ആരംഭിച്ചത്. ടെക്നിക്കൽ അസിസ്റ്റന്റിനെ ചുമതലയാക്കി കൊണ്ടും സെക്രട്ടറിയെ മേൽ ചുമതല ഏൽപിച്ചുകൊണ്ടുമാണ് പഞ്ചായത്തിൽ പുതിയതായി സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ തുടങ്ങിയിരിക്കുന്നത്.' പഞ്ചായത്ത് പ്രസിഡണ്ട് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

ശിങ്കാരിമേളം; ഒന്നാം സ്ഥാനം നേടി അയ്യൻകുന്ന്

ജിനി ജോസഫ്

ഒന്നാം സ്ഥാനം കരസ്ഥമാക്കിയ അയ്യൻകുന്ന് പഞ്ചായത്ത് ടീം കടന്നപ്പള്ളി രാമചന്ദ്രൻ എം എൽ എ യോടൊപ്പം

'അരങ്ങ് 2023' കുടുംബശ്രീ കണ്ണൂർ ജില്ലാ കലോത്സവത്തിൽ ശിങ്കാരിമേളത്തിൽ അയ്യൻകുന്ന് പഞ്ചായത്ത് ടീം ഒന്നാം സ്ഥാനം കരസ്ഥമാക്കി. മുയാംപറമ്പ് ശ്രീ ഭഗവതി വനിതാ ശിങ്കാരിമേളം ടീമാണ് ജില്ലാതലത്തിൽ ഒന്നാം സ്ഥാനം ലഭിച്ച് സംസ്ഥാന തല മത്സരത്തിന് യോഗ്യത നേടിയത്. തൊക്കിലങ്ങാടി ഹൈസ്കൂളിൽ നടന്ന സമാപന സമ്മേളനത്തിൽ കണ്ണൂർ നിയോജകമണ്ഡലം എം എൽ എ കടന്നപ്പള്ളി രാമചന്ദ്രനിൽ നിന്നും ഒന്നാം സ്ഥാനക്കാർക്കുള്ള സമ്മാനം ഏറ്റുവാങ്ങി.

അന്യം നിന്നു പോകുന്ന കലവളർത്തിയെടുക്കുന്നതിനു വേണ്ടി 2010 ൽ വിവിധ കുടുംബശ്രീയിലെ അംഗങ്ങൾ ചേർന്ന് ആരംഭിച്ചതാണ് മുണ്ടയാംപറമ്പ് ശ്രീ ഭഗവതി വനിതാ ശിങ്കാരിമേളം. തുടർന്നിങ്ങോട്ട് സംസ്ഥാനത്തിന് അകത്തും പുറത്തും ഏകദേശം എണ്ണൂറിലധികം വേദികളിൽ ശിങ്കാരിമേളം അവതരിപ്പിച്ച ഇവർ ഫ്ളവേഴ്സ് കോമഡി ഉത്സവം തുടങ്ങി നിരവധി മത്സരവേദികളിലും പങ്കെടുത്തു.

കേരളാ ഫോക്ക് ലോർ അക്കാദമി നടത്തിയ ശിങ്കാരിമേള മത്സരത്തിലാണ് ആദ്യം പങ്കെടുത്തത്. അതിൽ മൂന്നാം സ്ഥാനം ലഭിച്ചു. തുടർന്ന് ചെറു വാഞ്ചേരിയിൽ വച്ച് നടന്ന ജില്ലാതല ശിങ്കാരിമേളത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. 2016-ൽ അന്താരാഷ്ട്ര വനിതാദിനാചരണത്തിന്റെ ഭാഗമായി ദേശീയ ആരോഗ്യ മിഷൻ, മാതൃ ഭൂമി ആരോഗ്യ മാസിക, ഭൂമിക എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടത്തിയ ശിങ്കാരിമേള മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയിരുന്നു. കുടുംബശ്രീ മിഷൻ വാർഷികാഘോഷത്തിന്റെ ഭാഗമായി നടത്തിയ രഅരങ്ങ് 2017' പരിപാടിയിൽ പഞ്ചായത്ത്, താലൂക്ക് ജില്ലാതലങ്ങളിൽ ഒന്നാം സ്ഥാനവും സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനവും ലഭിച്ചിട്ടുണ്ട്.

'ഷോബിത്ത് മോഹനൻ ആശാന്റെ കീഴിൽ ആദ്യം കല്ലിൽ തല്ലി പഠിച്ചാണ് ശിങ്കാരിമേളത്തിന് തുടക്കം കുറിച്ചത്. പിന്നീട് സുധീഷ് ആശാന്റെ കീഴിലും പരിശീലനം നേടി. എട്ടുമാസം കൊണ്ട് ശിങ്കാരിമേളം പഠിച്ചെടുക്കാൻ സാധിച്ചു. ശിങ്കാരിമേളം മാത്രമല്ല ചെമ്പടയും (മേളം) അഭ്യസിച്ചിട്ടുണ്ട . പിന്നീട് പടവെട്ട് എന്ന സിനിമയിൽ അവസരം ലഭിക്കുകയും ചെയ്തു. ടീം അംഗമായ ശോഭ റെജി പറഞ്ഞു.

'വീടുകൾക്കുള്ളിൽ ഒതുങ്ങിയിരുന്ന ഞങ്ങൾക്ക് കഴിവും കഴിനാധ്വാനവും കൊണ്ട് മത്സരത്തിനായി വിവിധ സംസ്ഥാനങ്ങളിൽ പോകുവാനും വിവിധ ആചാരങ്ങൾ കാണാനും അറിയാനും വിവിധ പ്രോഗ്രാമുകളിൽ പങ്കെടുക്കാനും കൂടാതെ നല്ലൊരു വരുമാനം ഇതിൽ നിന്നുണ്ടാക്കാനും സാധിക്കുന്നുണ്ട്'. ടീം ലീഡർ മിനി വിശ്വനാഥൻ പറഞ്ഞു.

മെൻസ്ട്രുവൽ കപ്പ് വിതരണവും ബോധവൽക്കരണവും

ഷഫ്ന ഷെറിൻ അയ്യൂബ്

ഹിന്ദുസ്ഥാൻ ലാറ്റക്സ് കമ്പനിയുമായി സഹകരിച്ചു കൊണ്ട് അയ്യംകുന്ന് പഞ്ചായത്തിന്റെ നേതൃത്വത്തിൽ മെൻസ്ട്രുവൽ കപ്പ് വിതരണവും ബോധവൽക്കരണവും നടത്തുന്നു. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ മെയ് 29ാം തിയ്യതി കമ്പനി മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്യുകയും സൗജന്യമായി ആശവർക്കർമാർക്കും സ്റ്റാഫുകൾക്കും വോളന്റീർമാർക്കും പരിശീലനം നൽകുകയും ചെയ്യുന്നു.

വാർത്തകൾക്കും പരസ്യങ്ങൾക്കും വിളിക്കുക: 9496698531

എഡിറ്റോറിയൽ

അഭിരുചികൾ വളരട്ടെ...

എസ് എസ് എൽ സി ഫലപ്രഖ്യാപനം വന്നപ്പോൾ ഏകദേശം നൂറ് ശതമാനത്തോടടുത്താണ് വിജയ ശതമാനം. പാഠ്യവിഷയങ്ങളിൽ കുട്ടികൾ നേടുന്ന ഈ വിജയം പ്രശംസനീയമാണ്. അടിസ്ഥാന വിദ്യാഭ്യാസം മികച്ച വിജയത്തോടെ നേടിയെടുക്കുന്ന കുട്ടികളോടൊപ്പം തന്നെ പ്രശംസ അർഹിക്കുന്നവരാണ് അത് നേടാൻ അവരെ സഹായിക്കുന്ന അധ്യാപകരും മാതാപിതാക്കളുമെല്ലാം.

പഠന ശേഷം ജോലി ഉറപ്പാക്കുന്നതിനായ് മികച്ച സ്കൂളുകളിൽ ചേർത്ത് ഉന്നത മാർക്ക് നേടുന്നതിനായുള്ള സജ്ജീകരണങ്ങൾ മാതാപിതാക്കളും രക്ഷിതാക്കളും ഒരുക്കികൊടുക്കുന്നു. എന്നാൽ മികച്ച വിജയം നേടുന്നവരോടൊപ്പം തന്നെ മാർക്ക് കുറഞ്ഞതിൽ ബുദ്ധിമുട്ടുന്നവരും കുറവല്ല. ചുരുക്കത്തിൽ പ്രതീക്ഷയ്ക്കൊപ്പം ഉയരാൻ സാധിക്കാത്തവർ...

ഈ മാറിയ കാലത്ത് മാർക്കോ ഗ്രേഡോ പോര ജീവിതത്തിൽ തിളങ്ങാൻ. പുസ്തകങ്ങൾക്കപ്പുറം ഓരോ മേഖലകളിലും നേടിയെടുത്ത വൈദഗ്ധ്യമാണ് ജീവിതത്തിൽ വിജയത്തിന്റെ ചവിട്ടുപടി. മാനസികവും ബൗദ്ധികവുമായ വളർച്ചയാണ് വിദ്യാഭ്യാസം എന്നതുകൊണ്ട് ലക്ഷ്യമിടുന്നത്. അവിടെ അഭിരുചികളാണ് അന്നദാതാക്കൾ. എന്നാൽ ഇവിടെയും എപ്പോഴും പരിഗണിക്കപ്പെടുന്നതും വിലകൽപ്പിക്കപ്പെടുന്നതും ഉയർന്ന മാർക്കും ഗ്രേഡുമുള്ളവരാണ്.

നൈപുണ്യ വികസനമെന്നത് വിദ്യാർത്ഥികളെ പാഠനസഹായിക്കൾകപ്പുറം ചിന്തിക്കാൻ സഹായിക്കുന്നു. ഇത് അവരുടെ കഴിവുകൾ പ്രയോജനപ്പെടുത്താനും യഥാർത്ഥ ജീവിത കഴിവുകൾ വികസിപ്പിക്കാനും സ്വയം തയ്യാറാക്കാനും സഹായിക്കുന്നു. ഇത്തരം പഠനങ്ങളിലൂടെ വിദ്യാർത്ഥികളുടെ ചിന്താശേഷി വർദ്ധിക്കുകയും അത് അവരുടെ സർഗ്ഗാത്മക കഴിവുകളെ

ഉണർത്തുകയും ചെയ്യുന്നു. ഈ കഴിവുകൾ വികസിപ്പിക്കുന്നതിലൂടെ അവരുടെ യഥാർത്ഥ ജീവിത പ്രശ്നങ്ങൾ പോലും നേരിടാനുള്ള ശേഷി ലഭിക്കുന്നു.

ഇത്തരം കാര്യങ്ങൾ മുന്നിൽകണ്ട് അവരുടെ ജീവിത വിജയങ്ങൾക്കൊപ്പം നിൽക്കുകയാണ് സമൂഹം ചെയ്യേണ്ടത്. പ്രശസ്ത സംഗീതജ്ഞനോ കായികതാരമോ ആയ ശേഷം മാത്രം അവരെ അംഗീകരിക്കാതെ ഇപ്പോഴേ അതിലേക്ക് എത്താൻ, അവരുടെ അഭിരുചികൾക്ക് അനുസരിച്ച് നീങ്ങാൻ അവരെ സഹായിക്കുക തന്നെ വേണം. അതിനുള്ള അവസരങ്ങൾ സാധ്യതകൾ മനസിലാക്കി ജാഗ്രതയോടെ അവരുടെ ഒപ്പം നിൽക്കണം.

എഡിറ്റർ

എസ് എസ് എൽ സി

മികച്ച വിജയം നേടി സ്കൂളുകൾ

നൂറുശതമാനം വിജയം നേടി കരിക്കോട്ടകരി സെന്റ് തോമസ് ഹൈസ്കൂൾ

കെ അനഘ

തുടർച്ചയായി 15 ആം തവണയും എസ് എസ് എൽ സി പരീക്ഷയിൽ നൂറുമേനി വിജയം നേടി കരിക്കോട്ടകരി സെന്റ് തോമസ് ഹൈസ്കൂൾ. സാമ്പത്തിക ബുദ്ധിമുട്ടുകളെയും പ്രതികൂല സാഹചര്യങ്ങളെയും മറികടന്നുള്ള വിദ്യാർഥികളുടെ വിജയം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഇരട്ടി മധുരം നൽകുന്നു.

ഇന്തുങ്കരി, കരിക്കോട്ടകരി, ഉരിപ്പുംകുറ്റി, ഇടപ്പുഴ അംബേദ്കർ കോളനി എന്നിങ്ങനെ നാല് എസ് ടി കോളനിയിൽനിന്ന് വരുന്ന വിദ്യാർത്ഥികളടക്കം 122 പേർ പരീക്ഷ എഴുതിയതിൽ 27 വിദ്യാർഥികൾ മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടി.

അതുല്യ രാജു, ബീബി ആയിഷ, സി എം അബിഗ്ന, അജിന ജോസ്, എയ്ഞ്ചൽ ജോൺസൺ, അനിറ്റ ബിനോയ്, ആൻമരിയ ജോസഫ്, ആൻമരിയ തോമസ്, ബിനിറ്റ തെരേസ ജോസഫ്, ദിവ്യ പ്രതാപൻ, കൃഷ്ണേന്ദു പ്രദീപ്, മരിയ ബിജു,മെറിൻ പി മനോജ്, വി എസ് റിധ്യ മനോജ് കുമാർ, ട്രസ ജോസഫ്, അഡോൺ ജോൺസ് പ്രഭി, ജെ പി ആകാശ്, അലൻ ഷൈനോ, അഖിൽ മാത്യു, ഫെലിക്സ് വിനോദ്, ഗോഡ്വിൻ സ്കറിയ, ജോബിൻ ജോഷി, രാഹുൽ മഹേഷ്, റോൺ സ്റ്റീഫൻ,കെ എസ് സൂര്യദേവ്, എം കെ ശ്രീഹരി, വിഷ്ണു സുരേഷ് എന്നിവരാണ് മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടിയവർ.

'അധ്യാപകർ, പി ടി എ അംഗങ്ങൾ, ഓഫീസ് സ്റ്റാഫ്, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ എന്നിവരുടെ കഠിനമായ പരിശ്രമത്തിന്റെ ഫലമായാണ് തുടർച്ചയായ പതിനഞ്ചാം വർഷവും നൂറുശതമാനം വിജയം നേടാൻ സാധിച്ചത്' കരിക്കോട്ടകരി സെന്റ് തോമസ് ഹൈസ്കൂൾ ഹെഡ് മാസ്റ്റർ സണ്ണി കെ സെബാസ്റ്റ്യൻ പറഞ്ഞു.

അങ്ങാടികടവ് സേക്രട്ട് ഹാർട്ട് ഹൈ സ്കൂൾ

അങ്ങാടികടവ് സേക്രട്ട് ഹാർട്ട് ഹൈ സ്കൂളിലെ പരിക്ഷ എഴുതിയ 119 വിദ്യാർത്ഥികളും വിജയിച്ചു. 22 വിദ്യാർത്ഥികൾ മുഴുവൻ വിഷയങ്ങൾക്ക് എ പ്ലസ് നേടി. ടി യദുകൃഷ്ണ, അഭിനവ് ബിജു, അഭിഷേക് സണ്ണി, അഡോൺ ഷാജി, അക്ഷയ് സെബാസ്റ്റ്യൻ തോമസ്, അക്ഷയ് വിനോദ്, അക്സ ട്രീസ മാത്യൂസ്, അനന്തു ജിതേഷ്, എയ്ഞ്ചൽ ജോസഫ്, അനിയ റോസ്, കെയു അഞ്ജന, ആൻ ലിയ സന്തോഷ്, ആൻ മരിയ റെജി, അൻസലി മരിയ, ടി എസ് അയന, ഹെൽന സാബു, ജീവൻ റോയ് ജോസഫ്, ജെൻ ജോസഫ്, ജോബിറ്റ് ബെന്നി, സിയോണ റോസ് ജോഷി, പി റോസ് മേരി, ട്രീസ ഷാജി എന്നിവരാണ് മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയത്.

തുടർ പഠനം:

കേരളത്തിൽ എസ്എസ്എൽസി പരീക്ഷ എഴുതിയ 4,19,128 പേരിൽ 99.70 ശതമാനം കുട്ടികളും ഉപരിപഠനതിന് അർഹതനേടി. വിജയ ശതമാനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ 0.44 ശതമത്തിന്റെ വർധനയുണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് എസ്എസ്എൽസി പരീക്ഷയിൽ വിജയിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും ഉപരിപഠനത്തിന് അവസരം ലഭ്യമാണ്. നിലവിൽ 4,65,151 സീറ്റുകൾ ഉണ്ട്. ഹയർ സെക്കൻഡറിയിൽ ബാച്ച് ഒന്നിന് 50 സീറ്റ് ക്രമത്തിൽ 3,60,692 സീറ്റുകളാണുള്ളത്. വിഎച്ച്എസ്ഇയിൽ 33,030, പോളിടെക്നിക്കിൽ 9090, ഐടി ഐകളിൽ 61,429 സീറ്റുകളുമുണ്ട്.

പുസ്തകങ്ങൾ കൈമാറി

ജിനി ജോസഫ്

എം.എൽ.എ. സണ്ണി ജോസഫ് ലൈബ്രറിയന് പുസ്തകം കൈമാറുന്നു

അങ്ങാടികടവ് തോട്ടത്തിൽ ജോർജുകുട്ടി സ്മാരക വായനശാലയ്ക്ക് അനുവദിച്ച മുപ്പതിനായിരം രൂപയുടെ പുസ്തകം സണ്ണി ജോസഫ് എം എൽ എ ലൈബ്രേറിയൻ ആൻറണി കണ്ണകുളത്തിന് കൈമാറി. പുസ്തക വായനയെക്കുറിച്ചും വായിക്കേണ്ട് പ്രാധാന്യത്തെക്കുറിച്ചും എം എൽഎ സംസാരിച്ചു. അയ്യൻകുന്ന് പഞ്ചായത്ത് അഫിലിയേഷന് അപ്ലേ ചെയ്ത ലൈബ്രറിയാണ് തോട്ടത്തിൽ ജോർജുകുട്ടി സ്മാരക ലൈബ്രറി.

അയ്യൻകുന്ന് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ അധ്യക്ഷ വഹിച്ചു. ഗ്രന്ഥശാല സംഘം പ്രസിഡന്റ് ബാബു നടയത്ത്, ഗ്രന്ഥ ശാലാ സംഘം സെക്രട്ടറി ബെന്നി കാക്കത്തുകിയേൽ, മെമ്പറായ ജോസ് ആന്റണി മേച്ചേരികുന്നേൽ എന്നിവർ സംസാരിച്ചു.

വള്ളിത്തോട് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ഇനി സ്വന്തം കെട്ടിടത്തിൽ

കെ അനഘ

ഉദ്ഘാടനം നിർവ്വഹിച്ച പുതിയ കെട്ടിടം

വള്ളിത്തോട് ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് പരിധിയിലുള്ള വള്ളിത്തോട് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ഇനി മുതൽ സ്വന്തം കെട്ടിടത്തിൽ . കേരളം മുഴുവൻ വൈദ്യുതികരിക്കുക എന്ന പദ്ധതി പ്രകാരം വൈദ്യുത കേന്ദ്രങ്ങളും സംവിധാനങ്ങളും വിപുലീകരിക്കുന്നതിന്റെ ഭാഗമായാണ് വള്ളിത്തോട് ഇലക്ട്രിക്കൽ സെക്ഷൻ മന്ദിരം നിർമിച്ചത്. കെട്ടിട ഉദ്ഘാടനം വൈദ്യുതി വകുപ്പ് മന്ത്രി കെ കൃഷ്ണൻകുട്ടി ഓൺലൈൻ ആയി നിർവഹിച്ചു.

വള്ളിത്തോട് വ്യാപാര ഭവൻ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ പേരാവൂർ നിയോജകമണ്ഡലം എം എൽ എ സണ്ണി ജോസഫ് അധ്യക്ഷനായി. കെ എസ് ഇ ബി സിവിൽ കൺസ്ട്രക്ഷൻ വിഭാഗം ചീഫ് എൻജിനിയർ കെ രാജീവ് കുമാർ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ വേലായുദ്ധൻ, പായം പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം വിനോദ് കുമാർ, ജില്ലാ പഞ്ചായത്ത് അംഗം ലിസി ജോസഫ്, ബ്ലോക്ക് പഞ്ചായത്ത് അംഗം ഹമീദ് കണിയാട്ടയിൽ, പായം പഞ്ചായത്ത് അംഗം മുജീബ് കുഞ്ഞിക്കണ്ടി, കെ എസ് ഇ ബി ഉത്തര മലബാർ ചീഫ് എൻജിനിയർ ഹരീശൻ മൊട്ടമ്മൽ, ഡെപ്യൂട്ടി ചീഫ് എൻജിനിയർ എ എം ജോസഫ് ഷാജി പൊതുപ്രവർത്തകരായ എം എസ് അമർജിത്ത്, ജി ശിവരാമകൃഷ്ണൻ, ടോം മാത്യു, ബാബുരാജ് ഉളിക്കൽ, എം എ ആന്റണി, അൽഫോൺസ് കളപ്പുരയ്ക്കൽ, എം ഹുസൈൻകുട്ടി എന്നിവർ സംസാരിച്ചു.

' ഉളിക്കൽ, പായം, അയ്യൻകുന്ന് പഞ്ചായത്തുകളിലായി പതിനായിരത്തിലധികം ഉപഭോക്താക്കളുള്ള വള്ളിത്തോട് സെക്ഷൻ ഓഫീസ് ഇതുവരെ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. പുതിയ കെട്ടിടം വള്ളിത്തോട് ടൗണിനടുത്ത് റോയ് കല്ലറയ്ക്കൽ എന്ന വ്യക്തി സൗജന്യമായി നൽകിയ 10 സെന്റ് സ്ഥലത്ത് 66 ലക്ഷം രൂപ ചിലവഴിച്ചാണ് നിർമിച്ചത്.' വള്ളിത്തോട് സെക്ഷൻ ഓഫീസ് അസിസ്റ്റന്റ് എൻജിനിയർ ഇ ജെ മേരി പറഞ്ഞു.

'വളരെ മികച്ച രീതിയിൽ സേവനങ്ങൾ ലഭ്യമാക്കുന്ന ഒരു സെക്ഷൻ ഓഫീസ് ആണ് വള്ളിത്തോട് ഉള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ ഓഫീസ് വരുന്നതോടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാകും. ' വൈദ്യുത മന്ത്രി കെ കൃഷ്ണൻകുട്ടി പറഞ്ഞു.



For private circulation only

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് നല്ലൂർ | എഡിറ്റർ ഇൻ ചാർജ്: വി അനന്യ | സബ് എഡിറ്റേഴ്സ്: ജിനി ജോസഫ്, കെ അനഘ, ഷഫ്ന ഷെറിൻ അയ്യൂബ് | ഫോട്ടോഗ്രാഫേഴ്സ്: കെ അനഘ, ജിനി ജോസഫ് | ഡിസൈൻ: ഷഫ്ന ഷെറിൻ അയ്യൂബ്, വി അനന്യ